**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2019-20 – 3-ാം ഗഡു വികസന ഫണ്ട് അനുവദിച്ചത് - തുക ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ — എ) വകുപ്പ്**

സ.ഉ.(സാധാ) നം. 2016/2020/ധന. തീയതി, തിരുവനന്തപുരം, 10 മാർച്ച് 2020

---

പരാമർശം. സ.ഉ. (സാധാ) നം. 10050/2019/ധന തീയതി 21/12/2019

**ഉത്തരവ്**

പ്രാദേശിക സർക്കാരുകൾക്ക് 2019-20 സാമ്പത്തിക വർഷത്തെ 3ാം ഗഡു വികസന ഫണ്ട് പരാമർശത്തിലെ ഉത്തരവ് പ്രകാരം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ടി ഉത്തരവിലെ അനുബന്ധം (1)ലെ ഗ്രാമ പഞ്ചായത്തുകളുടെ ലിസ്റ്റിൽ ആറന്മുള ഗ്രാമപഞ്ചായത്ത് (G030704) പൊതു വിഭാഗത്തിൽ അനുവദിച്ചിട്ടുള്ള തുക 8,54,100/- രൂപയാണ്. ടി ഗ്രാമ പഞ്ചായത്തിന് അനുവദിക്കേണ്ടിയിരുന്നത് 47,23,000/- രൂപയായിരുന്നു.

2) 2018-19 സാമ്പത്തിക വർഷം അംഗനവാടി ഹോണറേറിയം ഇനത്തിൽ അടവാക്കേണ്ട തുക ജി.ഒ പ്രോജക്ടായി അടവാക്കിയിട്ടുണ്ടെന്ന് ചില പ്രാദേശിക സർക്കാരുകൾ അറിയിച്ചിട്ടുണ്ട്. മറ്റ് ചിലർ ടി ബില്ലുകൾ ട്രഷറി ക്യൂവിലായതിനാൽ 2019-20 സാമ്പത്തിക വർഷത്തിൽ അടച്ചിട്ടുണ്ടെന്നും ആയതിനാൽ 2018-19 ലെ ഹോണറേറിയം ഇനത്തിൽ ഈടാക്കിയ തുക പുനഃരനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്.

3) 12ാം ധനകാര്യ കമ്മീഷൻ പ്രകാരം അനുവദിച്ച തുകയിൽ ചെലവഴിക്കാതെ ബാക്കി വന്ന 4,80,822/- രൂപ 20-08-2019 ൽ കോഴിക്കോട് ജില്ലാ ട്രഷറി മുഖേന '2202-02-911-99-ROP' എന്ന ശീർഷകത്തിൽ അടവാക്കിയിട്ടുണ്ടെന്നും 3ാം ഗഡുവിൽ നിന്നും പിടിച്ചിട്ടുള്ള തുക തിരികെ അനുവദിക്കണമെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് അപേക്ഷിച്ചിട്ടുണ്ട്

4) മേൽ സാഹചര്യത്തിൽ പരാമർശത്തിലെ ഉത്തരവ് താഴെ പറയും പ്രകാരം ഭേദഗതി ചെയ്ത് ഉത്തരവാകുന്നു;

◆ **ഖണ്ഡിക (2)** - കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് തുകയും പ്രളയ ദുരിതബാധിക പ്രാദേശിക സർക്കാരുകൾക്കുള്ള വിഹിതവും ഒഴിച്ചുള്ള വികസനഫണ്ടിലെ 3-ാം ഗഡു

1637,15,10,600/- രൂപയായി (ആയിരത്തി അറുന്നൂറ്റി മുപ്പത്തി എഴ് കോടി പതിനഞ്ച് ലക്ഷത്തി പതിനായിരത്തി അറുന്നൂറ് രൂപ മാത്രം) കണക്കാക്കിയിട്ടുണ്ട്.

- **ഖണ്ഡിക 15(എ)** - പ്രാദേശിക സർക്കാരുകൾക്ക് 19.10.2019-ലെ സ.ഉ (സാധ) നം. 8228/2019/ധന ഉത്തരവ് പ്രകാരം അനുവദിച്ച തുക കുറവ് ചെയ്ത ശേഷം ബാക്കി തുകയായി **₹1633,28,16,216/- രൂപ (ആയിരത്തി അറുന്നൂറ്റി മുപ്പത്തിമൂന്ന് കോടി ഇരുപത്തി എട്ട് ലക്ഷത്തി പതിനാറായിരത്തി ഇരുന്നൂറ്റി പതിനാറ രൂപ മാത്രം**) താഴെ വിശദീകരിച്ചിട്ടുള്ള തരത്തിൽ അനുവദിച്ച് ഉത്തരവാകുന്നു:

(തുക രൂപയിൽ)

| പ്രാദേശിക സർക്കാർ | പൊതു വിഭാഗം | എസ്.സി.എസ്.പി | റ്റി.എസ്.പി | ആകെ |
|---|---|---|---|---|
| ഗ്രാമ പഞ്ചായത്തുകൾ | 4784715208 | 2173093538 | 356783095 | 7314591841 |
| ബ്ലോക്ക് പഞ്ചായത്തുകൾ | 2265067072 | 724955470 | 119365800 | 3109388342 |
| ജില്ലാ പഞ്ചായത്തുകൾ | 2266211410 | 725861000 | 119504600 | 3111577010 |
| മുനിസിപ്പാലിറ്റികൾ | 1076189015 | 444717900 | 41873190 | 1562780105 |
| മുനിസിപ്പൽ കോർപ്പറേഷനുകൾ | 941894600 | 278906518 | 13677800 | 1234478918 |
| ആകെ | **11334077305** | **4347534426** | **651204485** | **16332816216** |

- **അനുബന്ധം 1-ൽ 185 ക്രമ നമ്പർ -**

| ക്രമ നം | പ്ര. സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | പൊതു വിഭാഗത്തിൽ അനുവദിക്കുന്ന തുക | പൊതു വിഭാഗത്തിൽ നിന്നും ഒടുക്കേണ്ട തുക | | | പൊതു വിഭാഗത്തിൽ അനുവദിക്കുന്ന അറ്റ തുക |
|---|---|---|---|---|---|---|---|
| | | | | ഹോണറേറിയം | 2018-19 ഹോണറേറിയം | ലൈഫ് | |
| 185 | G 030704 | ആറന്മുള | 47,23,000 | 5,69,400 | 8,54,100 | 2,57,353 | 36,11,547 |

- **ഖണ്ഡിക (6)** - ആറന്മുള ഗ്രാമപഞ്ചായത്തിനെ കുറിച്ചുള്ള പരാമർശം റദ്ദ് ചെയ്യുന്നു.

- **ഖണ്ഡിക 15 (സി)** - ഗ്രാമപഞ്ചായത്തുകളിൽ നിന്നും ഈടാക്കിയിട്ടുള്ള ലൈഫ് ഭവന വായ്പ മുതൽ തിരിച്ചടവ് തുക KURDFC- യുടെ 37920881126ാം നമ്പർ എസ്.ബി.ഐ ബാങ്ക് അക്കൗണ്ടിലേയ്ക്ക് അടയ്ക്കേണ്ട തുക 61,54,81,080/- രൂപ (അറുപത്തി ഒന്ന് കോടി അൻപത്തി നാല് ലക്ഷത്തി എൺപത്തിയൊന്നായിരത്തി എൺപത് രൂപ മാത്രം) എന്ന് തിരുത്തി വായിക്കേണ്ടതാണ്.

- 2018-19 സാമ്പത്തിക വർഷം അതാത് പ്രദേശിക സർക്കാരുകൾ അംഗനവാടി ജീവനക്കാരുടെ പ്രതിഫല തുക അടവാക്കത്തതിനാൽ സർക്കാർ താഴെ പറയുന്ന

പ്രാദേശിക സർക്കാരുകളിൽ നിന്നും ഈടാക്കിയിട്ടുള്ള തുക ടി പ്രാദേശിക സർക്കാരുകൾ മൊത്തമായും അല്ലാതേയും അടവാക്കിയിട്ടുള്ളതിനാൽ തിരികെ അനുവദിച്ച് ഉത്തരവാകുന്നു.

| ക്രമ നം | പ്ര. സർക്കാർ കോഡ് | പ്രാദേശിക സർക്കാർ | പൊതു വിഭാഗത്തിൽ അനുവദിക്കുന്ന തുക | പൊതു വിഭാഗത്തിൽ നിന്നും ഒടുക്കേണ്ട തുക | | | പൊതു വിഭാഗത്തിൽ അനുവദിക്കുന്ന അറ്റ തുക |
|---|---|---|---|---|---|---|---|
| | | | | അംഗനവാടി ഹോണറേറിയം | 2018-19 ഹോണറേറിയം | ലൈഫ് | |
| **ഗ്രാമ പഞ്ചായത്തുകൾ** | | | | | | | |
| 207 | G 040301 | മാരാരിക്കുളം വടക്ക് | 5657000 | 365000 | 0 | 1588236 | 4068764 |
| 275 | G 050203 | മുളക്കുളം | 4520400 | 379600 | 0 | 352941 | 4167459 |
| 338 | G 060101 | അടിമാലി | 13678600 | 803200 | 0 | 2000000 | 11678600 |
| 447 | G 071105 | കവളങ്ങാട് | 5912400 | 438000 | 0 | 551470 | 5360930 |
| 481 | G 080205 | കാട്ടകമ്പാൽ | 4274000 | 379600 | 9400 | 176470 | 4088130 |
| 544 | G 081405 | ശ്രീനാരായണപുരം | 6622000 | 525600 | 0 | 1029412 | 4451188 |
| 621 | G 091004 | പുതുനഗരം | 3308000 | 248200 | 0 | 1022059 | 2285941 |
| 661 | G 100303 | പോരൂർ | 4336400 | 481800 | 0 | 441177 | 3895223 |
| 665 | G 100401 | ചേലമ്പ്ര | 4409600 | 379600 | 0 | 183823 | 4225777 |
| 819 | G 120205 | കണിയാമ്പറ്റ | 5868600 | 481800 | 722700 | 1500000 | 3645900 |
| **മുനിസിപ്പാലിറ്റി** | | | | | | | |
| 80 | M130500 | തലശ്ശേരി | 24309400 | 1182600 | 0 | 599999 | 23709401 |

- **ഖണ്ഡിക 15(ഡി)** - 2018-19 സാമ്പത്തിക വർഷം അംഗനവാടി തൊഴിലാളികളുടേയും സഹായികളുടേയും അധിക പ്രതിഫല തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യാത്ത പ്രാദേശിക സർക്കാരുകളുടെ വികസന ഫണ്ടിന്റെ പൊതു വിഭാഗത്തിൽ നിന്നും ഈടാക്കിയിട്ടുള്ള 52,71,95,627/- രൂപ (അൻപത്തി രണ്ട് കോടി എഴുപത്തി ഒന്ന് ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി അറുന്നൂറ്റി ഇരുപത്തി ഏഴ് രൂപ മാത്രം) ''2235-02-102-05- Deduct Amount transferred from Development Fund towards Honorarium & Allowances of Anganwadi Workers and Helpers (NP)'' എന്ന കണക്ക് ശീർഷകത്തിലേക്ക് താഴെ പറയും പ്രകാരം ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്യുന്നതിന് ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു.

| പ്രാദേശിക സർക്കാർ തലം | കണക്ക് ശീർഷകം | ഒടുക്കാനുള്ള തുക |
|---|---|---|
| ഗ്രാമ പഞ്ചായത്ത് | 3604-00-200-86-(05)-35 | 392304529 |
| മുനിസിപ്പാലിറ്റി | 3604-00-200-86-(02)-35 | 82856698 |
| മുനിസിപ്പൽ കോർപ്പ റേഷൻ | 3604-00-200-86-(01)-35 | 52034400 |
| ആകെ | | **527195627** |

◆ **ഖണ്ഡിക 15(എഫ്) -** പന്ത്രണ്ടാം ധനകാര്യ കമ്മീഷൻ പ്രകാരമുള്ള ധനസഹായം വിനിയോഗിച്ചുള്ള പ്രവൃത്തികൾ പൂർത്തികരണാനന്തരം ശേഷിച്ച തുക കൈവശം വച്ചിരിക്കുന്ന പാലക്കാട്, വയനാട് എന്നീ ജില്ലാ പഞ്ചായത്തുകളുടെ വികസന ഫണ്ടിൽ നിന്നും യഥാക്രമം 13.36 ലക്ഷം രൂപ, 11.11349 ലക്ഷം രൂപയും ചേർത്ത് മൊത്തം തുകയായ 24,47,349/- രൂപ (ഇരുപത്തി നാല് ലക്ഷത്തി നാല്പത്തി ഏഴായിരത്തി മുന്നൂറ്റി നാല്പത്തി ഒൻപത് രൂപ മാത്രം) '3604-00-200-86-(03)-35' എന്ന കണക്ക് ശീർഷകത്തിൽ നിന്നും പിൻവലിച്ച് '2202-02-911-99-Deduct recoveries of over payments' എന്ന കണക്ക് ശീർഷകത്തിലേക്ക് ഒടുക്കാൻ ധനകാര്യ അക്കൗണ്ട്സ് വിഭാഗം അണ്ടർ സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നു. കോഴിക്കോട് ജില്ലാ പഞ്ചായത്ത് ടി തുക മേൽ ശീർഷകത്തിൽ ഒടുക്കിയിട്ടുള്ളതിനാൽ ടി ജില്ലാ പഞ്ചായത്തിൽ നിന്നും തുക ഈടാക്കുന്നതല്ല.

5) പരാമർശത്തിലെ സർക്കാർ ഉത്തരവ് ഇത്തരത്തിൽ ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**പ്രതീപ് കുമാർ ബി**
**ജോയിന്റ് സെക്രട്ടറി, ധനകാര്യ വകുപ്പ്**

സ്വീകർത്താക്കൾ :

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്തു വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
വനിത ശിശുക്ഷേമ ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (എഫ്.എം) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ഡി.ഡി.ഒ, ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ബജറ്റ് -കെ/ ഡെവലപ്. വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1359637)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ